**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെർപ്പുളശ്ശേരി ടൗൺ നഗരവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ചെർപ്പുളശ്ശേരി ടൗൺ നഗരവികസന പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ചെർപ്പുളശ്ശേരി ടൗൺ നഗര വികസന പദ്ധതിയ്ക്ക് 26/02/2021-ലെ PWD016-47/APR-5/2021/KIIFB നം ഉത്തരവ് പ്രകാരം കിഫ്ബി 39.02 കോടി രൂപക്കുള്ള ധനാനുമതി നൽകിയിട്ടുള്ളതാണ്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി കമ്മിറ്റിക്ക് സമർപ്പിച്ചിരുന്നെങ്കിലും, കെ.എസ്.ഇ.ബിയുടെയും വാട്ടർ അതോറിറ്റിയുടെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പുതുക്കി സമർപ്പിക്കാനാണ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നതെന്നും, ഇപ്രകാരം കെ.എസ്.ഇ.ബിയുടെയും വാട്ടർ അതോറിറ്റിയുടെയും ഭാഗത്തു നിന്നും സമയബന്ധിതമായി എസ്റ്റിമേറ്റ് ലഭിക്കാത്തത് മൂലമാണ് പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നതെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | കാലതാമസം പരിഹരിച്ച് ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | സാങ്കേതികാനുമതി ലഭിച്ച ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ